# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


**വാർത്താക്കുറിപ്പ്(2)**

**2023 മെയ് 24**

---

## ഐ.ഡി.ഡി ഹാക്കത്തൺ ഫൈനൽ; സെമിനാറിന് തുടക്കമായി

കാഞ്ഞിരപ്പള്ളി എയ്ഞ്ചൽ വില്ലേജിലെ സ്റ്റാർട്ടപ്പ് ഇൻകുബേഷൻ കേന്ദ്രം നടത്തിയ ബിൽഡ് യുവർ ലെഗോ ഐ.ഡി.ഡി ഹാക്കത്തണിന്റെ ഗ്രാന്റ് ഫൈനലിനു മുന്നോടിയായി സ്പെഷ്യൽ എജ്യുക്കേഷൻ അധ്യാപകർക്കായി ഡിജിറ്റൽ ട്രെയിനിംഗ് ക്യാമ്പിന് തുടക്കമായി. മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു.

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ക്ഷേമത്തിനും ഉയർച്ചയ്ക്കും ഉപകരിക്കുന്ന ആശയങ്ങൾ തേടി ദക്ഷിണേന്ത്യയിൽ ആദ്യമായി സംഘടിപ്പിച്ച ഹാക്കത്തണിന്റെ ഭാഗമാകാൻ സർവകലാശാലയ്ക് കഴിഞ്ഞത് അഭിമാനകരമാണെന്ന് വൈസ് ചാൻസലർ പറഞ്ഞു. ആശയങ്ങൾ സമർപ്പിച്ചവരെ അദ്ദേഹം അഭിനന്ദിച്ചു.

ഉദ്ഘാടനച്ചടങ്ങിൽ ഗവൺമെൻറ് ചീഫ് വിപ് ഡോ. എൻ. ജയരാജ് മുഖ്യ പ്രഭാഷണം നടത്തി. വി കെയർ സെൻറർ ഡയറക്ടർ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, ബി.ഐ.ഐ.സി ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ, വി കെയർ സെൻറർ ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ, ബി.ഐ.ഐ.സി പ്രോജക്ട് മാനേജർ എബിൻ ജോൺ വർഗീസ്, എക്സപ്ഷണൽ ലേണിംഗ് സി.ഇ.ഒ, ഡോ. ജിനോ, ഡോ. സുകുമാരൻ, ലിറ്റി സേവ്യർ തുടങ്ങിയവർ പങ്കെടുത്തു.

എം.ജി സർവകലാശാലയിലെ ബി.ഐ.ഐ.സിയുടെയും കാഞ്ഞിരപ്പള്ളി വി കെയർ സെൻററിൻറെയും സംയുക്ത സംരംഭമായ സ്റ്റാർട്ടപ്പ് ഇൻകുബേഷൻ കേന്ദ്രം സംഘടിപ്പിച്ച ഹാക്കത്തണിൻറെ ഗ്രാൻറ് ഫൈനൽ നാളെ(മെയ് 26) നടക്കും.

**ഫോട്ടോ ക്യാപ്ഷൻ..**

കാഞ്ഞിരപ്പള്ളി എയ്ഞ്ചൽ വില്ലേജിൽ സ്റ്റാർട്ടപ്പ് ഇൻകുബേഷൻ കേന്ദ്രം നടത്തിയ ബിൽഡ് യുവർ ലെഗോ ഐ.ഡി.ഡി ഹാക്കത്തണിൻറെ ഗ്രാൻറ് ഫൈനലിനോടനുബന്ധിച്ച് സ്പെഷ്യൽ എജ്യുക്കേഷൻ അധ്യാപകർക്കായി സംഘടിപ്പിച്ച ട്രെയിനിംഗ് ക്യാമ്പ് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/565/2023)

## ഡോ. എൻ. രാധാകൃഷ്ണൻ രാജ്യാന്തര ഗവേഷണ കേന്ദ്രം പ്രവർത്തനമാരംഭിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഡോ. എൻ. രാധാകൃഷ്ണൻ ഇന്റർനാഷണൽ സെന്റർ ഫോർ മെഡിക്കൽ ഇന്നവേഷന്റെ പ്രവർത്തനത്തിന് തുടക്കമായി. ഐ.ഐ.ആർ.ബി.എസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു.

മഹാത്മാ ഗാന്ധി സർവകലാശാല ഡോ. എൻ രാധാകൃഷ്ണൻ ഫൗണ്ടേഷൻ ഫോർ റിസർച്ച് ഓൺ വീനസ് ഡിസീസസിന്റെ സഹകരണത്തോടെ സജ്ജമാക്കുന്ന കേന്ദ്രം മെഡിക്കൽ, മോളിക്കുലാർ ഗവേഷണത്തിനുള്ള വിപുലമായ അവസരമാണ് ഒരുക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ഡോ. എൻ. രാധാകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. സമൂഹത്തിന് ഗുണകരമാകുന്ന പഠന-ഗവേഷണ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടാണ് കേന്ദ്രം ആരംഭിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. പദ്ധതിയുടെ ആദ്യ ഘട്ടമായി ഡോ. എൻ രാധാകൃഷ്ണൻ ഫൗണ്ടേഷൻ ഫോർ റിസർച്ച് ഓൺ വീനസ് ഡിസീസ് ഒരു കോടി രൂപ ഇൻറർനാഷണൽ സെൻറർ ഫോർ മെഡിക്കൽ ഇന്നവേഷന് കൈമാറി.

ഡോ. എൻ. രാധാകൃഷ്ണനെ ആദരിച്ച വൈസ് ചാൻസലർ അദ്ദേഹത്തിന് സർവകലാശാലയുടെ ഹോണററി വിസിറ്റിംഗ് പ്രഫസർ പദവി നൽകിക്കൊണ്ടുള്ള ഉത്തരവും സർട്ടിഫിക്കറ്റും കൈമാറി.

ഡോ. എം.എസ്. വല്യത്താൻ, ജസ്റ്റീസ് കെ.ടി. തോമസ്, ഡോ. എൻ. രാധാകൃഷ്ണൻറെ മകൻ ഡോ. ജയകൃഷ്ണൻ രാധാകൃഷ്ണൻ എന്നിവർ ഓൺലൈനിൽ ആശംസ അറിയിച്ചു. പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ, അഡ്വ. റെജി സക്കറിയ, പി. ഹരികൃഷ്ണൻ, ഡോ. എൻ. രാധാകൃഷ്ണന്റെ ഭാര്യ ജയശ്രീ രാധാകൃഷ്ണൻ, ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി എക്സിക്യുട്ടീവ് ഡയറക്ടർ ഫാ. ജെയിംസ് പി. കുന്നത്ത്, മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ, മാനേജർ ഡോ. സി. ചന്ദന എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററിലാണ് ഡോ. എൻ. രാധാകൃഷ്ണൻ ഇന്റർനാഷണൽ സെന്റർ ഫോർ മെഡിക്കൽ ഇന്നവേഷൻ പ്രവർത്തിക്കുക.

**ഫോട്ടോ ക്യാപ്ഷൻ...**

1. മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഡോ. എൻ. രാധാകൃഷ്ണൻ

ഇന്റർനാഷണൽ സെന്റർ ഫോർ മെഡിക്കൽ ഇന്നവേഷൻ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജെയിംസ് പി. കുന്നത്ത്, ജോബ് മൈക്കിൾ എം.എൽ.എ, പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, ഡോ. എൻ. രാധാകൃഷ്ണൻ, ജയശ്രീ രാധാകൃഷ്ണൻ, ഡോ. ഇ.കെ. രാധാകൃഷ്ണൻ, അഡ്വ. റെജി സക്കറിയ, പി. ഹരികൃഷ്ണൻ എന്നിവർ സമീപം.

2. മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഡോ. എൻ. രാധാകൃഷ്ണൻ ഇന്റർനാഷണൽ സെന്റർ ഫോർ മെഡിക്കൽ ഇന്നവേഷൻ ഉദ്ഘാടനച്ചടങ്ങിൽ ഡോ. എൻ. രാധാകൃഷ്ണനെ സർവകലാശാലയിലെ ഹോണററി വിസിറ്റിംഗ് പ്രഫസർ പദവിയുടെ സർട്ടിഫിക്കറ്റ് വൈസ് ചാൻസലർ പ്രഫ. സാബു തോമസ് നൽകുന്നു. ഡോ. ഇ.കെ. രാധാകൃഷ്ണൻ, ഫാ. ജെയിംസ് പി. കുന്നത്ത്, ജോബ് മൈക്കിൾ എം.എൽ.എ, പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, ജയശ്രീ രാധാകൃഷ്ണൻ, അഡ്വ. റെജി സക്കറിയ, പി. ഹരികൃഷ്ണൻ എന്നിവർ സമീപം.

(പി.ആർ.ഒ/39/566/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**